# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് വോട്ടിംഗ് രീതി</u>

7466 ഡോ. ടി.എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ പി. ശ്രീരാമകൃഷ്ണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്തുവരുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മാറ്റങ്ങൾക്കനുസൃതമായി നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന്റെ ചെലവ് ത്രിതല പഞ്ചായത്തുകൾ വഹിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) തെരഞ്ഞെടുപ്പ് ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ കെട്ടിവയ്ക്കുന്നത് പ്രസ്തുത സ്ഥാപനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കലാഗ്രാമം പദ്ധതി</u>

7467 ശ്രീ. കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കലാഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>സൂചനാബോർഡുകൾ സ്ഥാപിക്കാൻ നടപടി</u>

7468 ശ്രീ. എ. റ്റി. ജോർജ്
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, എം.പി.വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാത്രക്കാർക്ക് വഴിയറിയാൻ സഹായകരമാവും വിധം സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇത്തരം സൂചനാബോർഡുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിന്റെ ചെലവിനായുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പെര്‍ഫോമന്‍സ് ആഡിറ്റ് യൂണിറ്റിന്റെ പരിശോധന</u>

7469 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മിഷന്‍ 676-ന്റെ ഭാഗമായി പെര്‍ഫോമന്‍സ് ഓഡിറ്റ് യൂണിറ്റിന്റെ പരിശോധന ഗ്രാമപഞ്ചായത്തുകളില്‍ മാസത്തില്‍ ഒരു തവണയാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത യൂണിറ്റുകള്‍ക്ക് ഓഫീസും മറ്റ് ഭൗതിക സൗകര്യങ്ങളും ഏര്‍പ്പെടുത്താന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദീകരിക്കാമോ;

(സി) യൂണീറ്റ് സൂപ്പര്‍വൈസര്‍ തസ്തിക അപ്ഗ്രേഡ് ചെയ്യാന്‍ നിര്‍ദ്ദേശമുണ്ടോ; എങ്കില്‍ ഇതിന്‍മേല്‍ സ്വീകരിച്ച നടപടികള്‍ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676 പ്രകാരം കൊല്ലം ജില്ലയിലുള്ള പദ്ധതികൾ</u>

7470 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കും എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പുരോഗതി അവലോകനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മിഷൻ 678-ന്റെ ഭാഗമായി ടെറസ് ഫാമിംഗ്, ഹോം സ്റ്റെഡ് ഫാമിംഗ്</u>

7471 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ടെറസ് ഫാമിംഗ് യൂണിറ്റുകൾ, ഹോം സ്റ്റെഡ് ഫാമിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയാണ്;

(ബി) ഇതിനാവശ്യമായ മാനവശേഷി, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്ക്കരണ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം</u>

7472 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ന്റെ ഭാഗമായി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ വീടുകളിലെയും വ്യാപാര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്കാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുമോ;

(ബി) ഇതിനായി 2014-15 ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള പരിശീലനം ഏത് ഏജൻസി വഴിയാണ് നൽകുന്നത്; പരിശീലനത്തിനായി എത്ര രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

<u>'മിഷൻ 676'-ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് സംവിധാനം</u>

7473 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676'-ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിന്റെ പരിശോധന മാസത്തിൽ ഒരു തവണയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര മാസത്തിലൊരിക്കലാണ് ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് യൂണിറ്റ് പരിശോധന നടത്തുന്നത്;

(സി) പ്രതിമാസപരിശോധന നടത്താൻ ആഡിറ്റ് യൂണിറ്റിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ ആഡിറ്റ് യൂണിറ്റിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പെർഫോമൻസ് ആഡിറ്റ് സംവിധാനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവിൽ ആഡിറ്റ് യൂണിറ്റിന്റെ ജോലികൾ എന്തെല്ലാമാണെന്ന് പ്രതിപാദിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റം</u>

7474 ശ്രീ. എളമരം കരീം
,, എ. കെ. ബാലൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റുന്നത് ഭരണഘടനാ വിരുദ്ധമാണോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, താല്ക്കാലികമാണെങ്കിൽപ്പോലും വകമാറ്റുന്നത് വികേന്ദ്രീകൃതാസൂത്രണത്തെ എപ്രകാരം ബാധിക്കുന്നുവെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

7475 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രവൃത്തി പൂർത്തീകരണത്തിനുമുമ്പ് ഈ കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേരണമെന്നുള്ള നിബന്ധനയുണ്ടോ;

(സി) എങ്കിൽ എത്ര പ്രാവശ്യം യോഗം ചേരണമെന്നും അത് ഏതെല്ലാം ഘട്ടങ്ങളിലാണെന്നും വിശദമാക്കാമോ;

(ഡി) ഈ കമ്മിറ്റി യോഗത്തിലേക്ക് ബന്ധപ്പെട്ട വാർഡ് മെമ്പർമാരെ ക്ഷണിക്കേണ്ടതായിട്ടുണ്ടോ;

(ഇ) ഒന്നിൽക്കൂടുതൽ വാർഡുകളിൽ ഒരു പ്രവൃത്തിയുടെ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട മുഴുവൻ വാർഡുകളിലേയും മെമ്പർമാരെ ഈ കമ്മിറ്റി രേഖാമൂലം അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ എന്നറിയിക്കുമോ;

(എഫ്) എങ്കിൽ ആരാണ് ഈ മെമ്പർമാരെ യോഗത്തിലേക്ക് രേഖാമൂലം ക്ഷണിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പുത്തൂർ ആസ്ഥാനമാക്കി പുതിയ പഞ്ചായത്ത്

7476 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ പുത്തൂർ ആസ്ഥാനമാക്കി പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വാർഡ് പുനർവിഭജനം</u>

7477 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ ജി. സുധാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് പുനർവിഭജനം നടത്താൻ ഉള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) ഉമ്മൻ കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി വാർഡ് പുനർവിഭജനം നടത്താനുള്ള നീക്കം ഉപേക്ഷിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം</u>

7478 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം 20 വർഷത്തിലൊരിക്കലേ പാടുള്ളൂ എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഈ ഉത്തരവിന് ഭേദഗതി വരുത്തി വാർഡ് വിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ ഭേദഗതി വരുത്താനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡീലിമിറ്റേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവരുടെ ശുപാർശ പ്രകാരമാണോ വാർഡു വിഭജനം നടത്തുന്നത്;

(എഫ്) ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ക്വാറികൾക്കുള്ള ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്</u>

7479 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിത ട്രിബ്യൂണൽ വിധിക്കനുസൃതമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയും ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടുകയും ചെയ്ത് പ്രവർത്തിക്കുന്ന പാറ ക്വാറികൾ സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കോളജിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടാതെ പ്രവർത്തിച്ചുവരുന്ന പാറ ക്വാറികൾക്ക് ആയത് നേടുന്നതിന് സമയം അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മാതൃകാ ശുചിത്വ ഗ്രാമം പദ്ധതി</u>

7480 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ ശുചിത്വഗ്രാമം പദ്ധതി നടപ്പാക്കുന്ന 32 ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ ഒരുക്കേണ്ട പശ്ചാത്തല സൗകര്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപയുടെ സാമ്പത്തിക സഹായം ലഭിക്കുമെന്നും അത് ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള പരിശീലന പരിപാടിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് പറയുമോ ;

(ഇ) 2014-15 ലെ ബഡ്ജറ്റിൽ മാതൃകാ ശുചിത്വ ഗ്രാമ പദ്ധതി നടപ്പാക്കാൻ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ ശുചിത്വ മിഷന്റെ പ്രവര്‍ത്തനങ്ങള്‍</u>

7481 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം മണ്ഡലത്തില്‍ ശുചിത്വമിഷന്റെ നേതൃത്വത്തില്‍ ഇപ്പോള്‍ നടന്നുവരുന്ന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയില്‍ ശുചിത്വമിഷന്‍ പുതുതായി ഏറ്റെടുക്കുവാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ വിശദമാക്കാമോ ?

**കേരള നിയമസഭ**
**14.07.2014–ലെ മറുപടിക്ക്**

<u>കൊട്ടാരക്കര മണ്ഡലത്തിലെ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ</u>

7482 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും അതിന്റെ ദൈർഘ്യവും വ്യക്തമാക്കുമോ;

(ബി) 2011–12, 2012–13, 2013–14 വർഷങ്ങളിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെയും അവയുടെ നിലവിലുള്ള സ്ഥിതിയും പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം</u>

7483 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകൾക്കായി 2013–14 വർഷത്തിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ഓരോ പഞ്ചായത്തും പദ്ധതിവിഹിതം എത്ര ചെലവഴിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) 2014–15 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകൾക്ക് വകയിരുത്തിയിട്ടുള്ളത്; പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി ചെലവ്

7484 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ ഗ്രാമ പഞ്ചായത്തും പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനംവീതം തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പഞ്ചായത്തും ചെലവഴിച്ച തുക മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര വ്യത്യാസമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും പട്ടികജാതിവിഭാഗത്തിന് നീക്കിവച്ച തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കായി നീക്കിവച്ച തുക ഏതെങ്കിലും പഞ്ചായത്തുകൾ ദുരുപയോഗം ചെയ്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കുറുവ പഞ്ചായത്തിലെ 'പടലാംകുന്ന് കുടിവെള്ള പദ്ധതി'</u>

7485 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം 'പടലാംകുന്ന് കുടിവെള്ള പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വാർഡിലെ എന്നത്തെ ഗ്രാമസഭയുടെ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപയുടെ എസ്റ്റിമേറ്റായിരുന്നു ഇതിനായി തയ്യാറാക്കിയിരുന്നതെന്നും എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടിയിരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ അളവും മെറ്റീരിയൽസിന്റെ വിവരവും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തിക്കായി ആകെ എത്ര രൂപയാണ് ഇതുവരെ കൺവീനർ കൈപ്പറ്റിയിട്ടുള്ളത് എന്നും ഇനി എന്ത് തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ഈ പ്രവൃത്തിക്കായുള്ള ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ആരായിരുന്നു എന്നും ഈ പ്രവൃത്തിക്കായി എത്ര പ്രാവശ്യം ഈ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിലാണ് യോഗം ചേർന്നതെന്നും വിശദമാക്കാമോ;

(എഫ്) ഈ കമ്മിറ്റികളിൽ വാർഡ് മെമ്പർമാർ പങ്കെടുത്തിരുന്നോ; എങ്കിൽ ഏതെല്ലാം വാർഡിലെ മെമ്പർമാരാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വാർഡുകളിലെ മുഴുവൻ മെമ്പർമാരെയും കമ്മിറ്റികളിലേയ്ക്ക് രേഖാമൂലം ക്ഷണിച്ചിരുന്നോ; ഇല്ലെങ്കിൽ ക്ഷണിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തെരുവുവിളക്കുകള്‍ സ്ഥാപിക്കാത്ത ഗ്രാമീണ റോഡുകള്‍</u>

7486 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തെരുവുവിളക്കുകള്‍ സ്ഥാപിക്കാത്ത ഗ്രാമീണ റോഡുകള്‍ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതിക്കാര്‍ ഏറെയുള്ള പ്രദേശങ്ങളില്‍ തെരുവുവിളക്കുകള്‍ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളില്‍ തെരുവുവിളക്കുകള്‍ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നല്‍കിയ അപേക്ഷകള്‍ തീര്‍പ്പാക്കാതെയുണ്ടോ;

(ഡി) പട്ടികജാതിക്കാര്‍ ഏറെയുള്ളതും പ്രധാന റോഡുകളില്‍ നിന്നും ഒറ്റപ്പെട്ടതുമായ ഗ്രാമീണറോഡുകളില്‍ തെരുവുവിളക്കുകള്‍ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളില്‍ തീരുമാനം അടിയന്തിരമായി കൈക്കൊള്ളുന്നതിന് പ്രത്യേക നിര്‍ദ്ദേശം പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തെരുവ്നായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ നടപടി</u>

7487 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തെരുവ്നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിയ്ക്കാതിരിയ്ക്കാൻ എന്തെല്ലാം നിയമതടസ്സങ്ങളാണ് നിലവിലുള്ളത്; വിശദവിവരങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ പൊതു ശ്മശാനങ്ങളുടെ പുനരുദ്ധാരണം</u>

7488 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പൊതു ശ്മശാനം നിലവിലുണ്ട്; അവയുടെ പുനരുദ്ധരണത്തിന് ഫണ്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ;

(ബി) താമരശ്ശേരി, നരിക്കുനി, കട്ടിപ്പാറ, മടവൂർ എന്നിവിടങ്ങളിലെ പൊതു ശ്മശാനം ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്</u>

7489 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും പ്രാദേശിക വികസനത്തിന് നൽകുന്ന സംസ്ഥാന പദ്ധതി വിഹിതം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുമ്പോൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം ലഭിച്ച പദ്ധതി വിഹിതത്തിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്ന് തുക, തദ്ദേശസ്വയംഭരണ സ്ഥാപനം, ശതമാനം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

7490 ശ്രീ. രാജു എബ്രാഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ളത്; ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചതെന്നും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതെന്നുമുള്ള വിവരം തരംതിരിച്ച് വ്യക്തമാക്കാമോ; ഇവയ്ക്കുള്ള ഫണ്ട് എവിടെ നിന്നൊക്കെയാണ് ലഭ്യമാക്കിയത്.

(ബി) സാമ്പത്തിക ശേഷികുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ ശുചിത്വ മിഷൻ സാമ്പത്തിക സഹായം നൽകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര; എത്ര ശേഷിയുള്ള പ്ലാന്റുകളാണ് ഇവിടെ നിർമ്മിക്കുന്നത്;

(സി) മാലിന്യ സംസ്കരണ പ്ലാന്റ് പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; പത്തനംതിട്ട ജില്ലയിലെ പ്ലാന്റുകൾക്ക് അംഗീകാരം ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ മാലിന്യസംസ്കരണം

7491 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് മാലിന്യശേഖരം നടത്തുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കാൻ കഴിയാതെ കുമിഞ്ഞുകൂടി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദുർഗന്ധവും പകർച്ചവ്യാധി ഭീഷണിയുമായി ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യം കുമിഞ്ഞുകൂടി കിടക്കുന്നത്;

(സി) മാലിന്യകൂനകൾ സംസ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ എന്തൊക്കെ സംവിധാനമാണ് ഉള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പഞ്ചായത്തുകളിൽ പുതുക്കിയ കെട്ടിട നികുതി

7492 ശ്രീ. വി.എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മതസ്ഥാപനങ്ങൾക്കും, ട്രസ്റ്റുകൾക്കും കീഴിലുള്ള സ്ഥാപനങ്ങൾക്കു നികുതിയിളവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കെട്ടിടനികുതി പിരിച്ചെടുക്കൽ</u>

7493 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 100% കെട്ടിടനികുതി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ:

(ബി) എല്ലാ പഞ്ചായത്തുകളിലും കെട്ടിടനികുതി പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) കെട്ടിട നികുതി പിരിച്ചെടുക്കാത്ത പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അദാലത്തുകൾ സംഘടിപ്പിച്ച് കെട്ടിടനികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷൻ വരുമാന പരിധി വെട്ടിച്ചുരുക്കൽ</u>

7494 ശ്രീ. വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾക്കുള്ള ഉയർന്ന വരുമാന പരിധി എത്രയായിരുന്നു; ഈ വരുമാന പരിധി വെട്ടിച്ചുരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുമാന പരിധി എത്രയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വരുമാന പരിധി വെട്ടിച്ചുരുക്കുന്നതു മൂലം നിലവിൽ ക്ഷേമപെൻഷൻ ലഭിക്കുന്നവർക്ക് പെൻഷൻ നഷ്ടപ്പെടാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ മൊത്തം എത്ര പേർക്ക് പെൻഷൻ നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വരുമാന പരിധി ചുരുക്കിയതിനാൽ പെൻഷൻ നൽകാനാകാത്ത സാഹചര്യം</u>

7495 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുമാന പരിധി 3 ലക്ഷം രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി ചുരുക്കിയത് കാരണം അനുവദിച്ച പെൻഷൻ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വാർദ്ധക്യകാല പെൻഷൻ അപേക്ഷ തീർപ്പാക്കാൻ നടപടി</u>

7496 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ വാർദ്ധക്യകാല പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതു സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപേക്ഷകളിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഓരോ പഞ്ചായത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് പെൻഷൻ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിക്കാൻ നടപടി</u>

7497 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട് ; നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ ഇതുവരെ തുക അനുവദിക്കാത്തതുകാരണം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>ജനന രജിസ്ട്രേഷൻ</u>

7498 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനം വൈകി രജിസ്റ്റർ ചെയ്യുന്നവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനന രജിസ്ട്രേഷന് യഥാസമയം കഴിയാത്തവർക്ക് രജിസ്റ്റർ ചെയ്യുമ്പോൾ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്;

(സി) ജനന രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ഓൺലൈൻ സേവനം</u>

7499 ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഓൺലൈൻ സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സാങ്കേതികവിദ്യകളാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരണം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ജനന രജിസ്റ്ററിലെ തിരുത്തൽ</u>

7500 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലവും മാതാപിതാക്കളുടെ പേരും രേഖപ്പെടുത്തി നല്കാത്തതുമൂലം വിദേശ ജോലിക്കായി പോകുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ ;

(സി) വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കാൻ ഉത്തരവ് പുറപ്പെടുവിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ജനന രജിസ്ട്രേഷൻ</u>

7501 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളുടെ ജനന രേഖകളിൽ ആശുപത്രിയിൽവച്ചും, രജിസ്ട്രേഷൻ ഓഫീസിൽ വച്ചും ഉണ്ടാകുന്ന പിശകുകൾ തിരുത്തിക്കിട്ടാനുള്ള തടസ്സങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലയാളത്തിൽ നിന്നു ഇംഗ്ലീഷിലാക്കുമ്പോഴുള്ള വ്യത്യാസം തിരുത്താൻപോലും നിരവധി രേഖകൾ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ആശുപത്രിയിൽ അഡ്യിറ്റ് ചെച്ചുമ്പോൾ ഒപ്പമുള്ളയാൾ പറഞ്ഞുകൊടുക്കുന്ന വിവരങ്ങളിൽ ഉണ്ടാകുന്ന നിസ്സാര പിശകുകൾ പില്ക്കാലത്ത് തിരുത്തിക്കിട്ടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(സി) പേര്, സ്ഥലപ്പേര്, വീട്ടുപേര്, അച്ഛന്റെയോ, അമ്മയുടേയോ പേര് എന്നിവ അപൂർണ്ണമായോ തെറ്റായോ രേഖപ്പെടുത്തിയാൽ, അതു തിരുത്തിക്കിട്ടാനുള്ള നടപടിക്രമവും സമർപ്പിക്കേണ്ട രേഖകളും സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഡി) ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത പ്രായമായ അച്ഛന്റെയോ, അമ്മയുടേയോ സ്കൂൾ സർട്ടിഫിക്കറ്റിനു പകരം എന്തൊക്കെ രേഖകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സ്കൂളിൽ പഠിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്താൻ ആർക്കെങ്കിലും അധികാരം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വയം സാക്ഷ്യപ്പെടുത്താൻ അനുമതി നൽകി ബുദ്ധിമുട്ട് ഒഴിവാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>തൃതല പഞ്ചായത്ത് അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

T7502 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ത്രിതല പഞ്ചായത്തുകളിലെ മുൻ അംഗങ്ങൾക്കും ഐഡന്റിറ്റി കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

7503 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 04.06.2012–ലെ 149/2012 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം കെട്ടിടങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ;

(സി) ഇവയിൽ എത്ര കെട്ടിടങ്ങൾക്ക് നിയമപരമായ നടപടികൾക്കുശേഷം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്;

(ഡി) നിയമാനുസൃത നടപടിക്കുശേഷവും സർട്ടിഫിക്കറ്റ് നൽകാനാവാത്ത എത്ര കെട്ടിടങ്ങളുണ്ടെന്നും, അവയുടെ കാര്യത്തിൽ അടുത്ത നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ

7504 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് സെക്രട്ടിമാരുടെ തസ്തികകളാണ് നിലവിലുള്ളത് ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ</u>

7505 ശ്രീ. കെ.കെ നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് വേണ്ടിയും സെക്രട്ടറിമാരുടെ ഒഴിവ് നികത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ പാർട്ട്–ടൈം ജീവനക്കാരായി നിയമിക്കാൻ നടപടി

7506 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ള ലൈബ്രറി, ശിശുമന്ദിരം എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന ലൈബ്രേറിയൻ, ടീച്ചർ, ആയ എന്നിവരെ 10 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പാർട്ട്–ടൈം ജീവനക്കാരായി നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിൽ എത്ര പേർ നിലവിൽ ജോലിചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) മേൽ വിഭാഗങ്ങളിൽപ്പെട്ടവരെ പാർട്ട്–ടൈം ജീവനക്കാരായി നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ</u>

7507 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ് വിഭാഗം) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തരമായി നടപ്പിലാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ കുറവായതിനാൽ ഈ വകുപ്പിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുമോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ് വിഭാഗം) സർക്കാർ പണം വിനിയോഗിക്കുമ്പോൾ സൂപ്പർവൈസറി തസ്തികകളുടെ അഭാവംമൂലം സൂക്ഷ്മ പരിശോധനയിൽ ന്യൂനതകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് ഫയലുകൾ നിലവിലുണ്ടോയെന്നും എങ്കിൽ പ്രസ്തുത ഫയലിന്റെ സ്ഥിതി എന്താണെന്നും അറിയിക്കുമോ;

(ഇ) എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ് വിഭാഗം) എത്ര സാങ്കേതിക വിഭാഗം ജീവനക്കാരുണ്ടെന്നും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിലെ പുതിയ ഡ്രൈവര്‍ തസ്തികകള്‍

7508 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെല്ലാം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളില്‍ ഡ്രൈവര്‍മാരുടെ തസ്തികകള്‍ പുതുതായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളില്‍ ഡ്രൈവര്‍മാരുടെ തസ്തികകള്‍ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസല്‍ ഏതെല്ലാം ജില്ലകളില്‍ നിന്ന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ജില്ലകളില്‍ ഡ്രൈവര്‍മാരുടെ തസ്തികകള്‍ സൃഷ്ടിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതിക വിഭാഗത്തില്‍ എഞ്ചിനീയര്‍മാരുടെയും ഓവര്‍സീയര്‍മാരുടെയും ഒഴിവുകള്‍</u>

7509 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴില്‍ ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതിക വിഭാഗത്തില്‍ എഞ്ചിനീയര്‍മാരുടെയും ഓവര്‍സീയര്‍മാരുടെയും എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സംവിധാനങ്ങൾ</u>

7510 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിവരിക്കുമോ;

(ബി) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരം വിപണനകേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തലത്തിലാണ് കുടുംബശ്രീ സ്ഥിരം വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹകരണം പ്രയോജനപ്പെടുത്താമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ പ്രവര്‍ത്തനം</u>

7511 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കുടുംബശ്രീയുടെ പ്രവര്‍ത്തനങ്ങള്‍ മെച്ചപ്പെടുത്തുവാന്‍ ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീയുടെ പ്രവര്‍ത്തനങ്ങളെ അതേ മേഖലയില്‍ പ്രവര്‍ത്തിക്കുന്ന ആശ്രയ, സ്നേഹിത പദ്ധതികളുമായി ഏകോപിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(സി) തീരദേശ-ആദിവാസി മേഖലകളില്‍ ഫലപ്രദമായി ഇടപെടാന്‍ എന്തെല്ലാം പുതിയ പദ്ധതികളാണ് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കുടുംബശ്രീയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി</u>

7512 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ആർ. രാജേഷ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ, അഗതി കുടുംബങ്ങൾ ഉൾപ്പെടെ നിരവധി ദരിദ്ര കുടുംബങ്ങൾ ഇനിയും ഭാഗഭാക്കായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാഹചര്യത്തിന് അനുയോജ്യമായ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കാമോ;

(സി) കുടുംബശ്രീക്ക് നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ദ്ധരുടെയും സാങ്കേതിക വിദ്യയുടെയും അഭാവം ഉള്ളതായി അറിയാമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; കുടുതലായി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കാമോ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

<u>തൊഴിൽരഹിതർക്ക് വിദഗ്ദ്ധ പരിശീലനത്തിനുള്ള<br>കേന്ദ്ര പദ്ധതി</u>

7513 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിലുള്ള ദരിദ്രകുടുംബങ്ങളിലെ തൊഴിൽരഹിതർക്ക് കുടുംബശ്രീ വഴി നടപ്പാക്കുന്ന വിദഗ്ദ്ധ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള കേന്ദ്രപദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ യുണിറ്റുകൾ രൂപീകരിക്കാൻ മാനദണ്ഡം</u>

7514 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയൂണിറ്റുകൾ രൂപീകരിക്കാൻ നിലവിലുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് പുതിയ മാനദണ്ഡങ്ങൾ എന്നറിയിക്കുമോ;

(സി) കുടുംബശ്രീ മുഖേന എത്രരൂപയുടെ ബാങ്ക് വായ്പകൾ ആണ് ലഭിക്കുന്നത്; ഇതിന് എന്തെല്ലാമാണ് വ്യവസ്ഥകൾ എന്നറിയിക്കുമോ;

(ഡി) ഈ ബാങ്ക് വായ്പ തുക വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം എത്ര രൂപയുടെ വായ്പയാണ് ലഭിക്കുന്നത് എന്നും എന്തെല്ലാമാണ് വായ്പാ വ്യവസ്ഥകൾ എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വി. കെയര്‍ പദ്ധതിയുടെ നടത്തിപ്പ്</u>

7515 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വി.കെയര്‍ പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തത്; ഇതിന്റെ പ്രവര്‍ത്തനം എന്ന് ആരംഭിക്കാന്‍ കഴിയും?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വി-കെയർ വോളന്റിയർ കോർ</u>

7516 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി-കെയർ വോളന്റിയർ കോർ-ന്റെ ആദ്യഘട്ടമായി 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിവരിക്കാമോ ;

(ബി) ഒന്നാംഘട്ടം നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) പാർശ്വവൽകൃതർക്ക് ഇതിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിവരിക്കാമോ; ആദ്യഘട്ടത്തിൽ എത്രപേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി 2014-15 വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രത്യാശ പദ്ധതി</u>

7517 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതകൾക്കായി 'പ്രത്യാശ' എന്ന പേരിൽ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതിയുമായി ഏതെല്ലാം സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ട്; അവയുടെ പേരും പ്രവർത്തന രീതിയും വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

'വയോമിത്രം' പദ്ധതി

7518 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങൾക്കായി 'വയോമിത്ര' എന്ന പേരിൽ ഒരു പദ്ധതി സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സർക്കാരിന് പുറമെ മറ്റ് ഏതെങ്കിലും ഏജൻസികൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏജൻസികളുടെ പേരും അവരുടെ പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ഇ) നിലവിൽ എത്ര വയോമിത്രം യൂണിറ്റുകൾ പ്രവർത്തിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(എഫ്) എത്ര പേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ജി) പദ്ധതി നടത്തിപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം എപ്രകാരമാണ്; ഇവരെ മിഷന്റെ മറ്റ് പരിപാടികൾക്കായി വിനിയോഗിക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വയോമിത്രം പദ്ധതി ആവിഷ്കരിച്ച മുനിസിപ്പാലിറ്റികള്‍</u>

7519 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'വയോമിത്രം' പദ്ധതി ആരംഭിച്ച പുതിയ മുനിസിപ്പാലിറ്റികള്‍ ഏതെല്ലാമാണ്; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ മുനിസിപ്പാലിറ്റികളെ തെരഞ്ഞെടുത്തത്;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പഞ്ചായത്ത് തലത്തില്‍ വൃദ്ധജനക്ഷേമത്തിനായി ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>ആശ്വാസകിരണം പദ്ധതി</u>

7520 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ആശ്വാസകിരണം പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ആശ്വാസകിരണം പദ്ധതിപ്രകാരം ഏതുമാസം വരെയുള്ള തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക തുക എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വയോജന കൗൺസിൽ രൂപീകരണം</u>

7521 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വയോജന നയം പ്രഖ്യാപിച്ചതെന്നാണ് എന്നറിയിക്കുമോ;

(ബി) സംസ്ഥാന വയോജന നയത്തിൽ സംസ്ഥാന കൗൺസിൽ രൂപീകരിക്കുവാൻ ശുപാർശ ചെയ്യുന്നുണ്ടോ;

(സി) ഈ വയോജന കൗൺസിലിന്റെ ഘടന എപ്രകാരമാണ്;

(ഡി) വയോജന നയത്തിൽ ശുപാർശ ചെയ്യുന്നതുപ്രകാരം വയോജന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) എന്നാണ് പ്രസ്തുത കൗൺസിൽ രൂപീകരിച്ചതെന്നും ആരെല്ലാമാണ് അതിലെ അംഗങ്ങളെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിലെ ആരോഗ്യപരിപാലന പദ്ധതികൾ</u>

7522

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും വ്യാപകമായി പകർച്ചവ്യാധികളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നതും കുട്ടികളുടെ ആരോഗ്യം പോലും പരിപാലിക്കപ്പെടാൻ കഴിയാതെ പോകുന്നതും നമ്മുടെ സംവിധാനങ്ങളുടെ വീഴ്ചയാണെന്നും സാമൂഹ്യനീതിനിഷേധമാണെന്നും കരുതുന്നുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം</u>

7523 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കുട്ടികൾക്ക് ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കുട്ടികൾക്ക് കേൾവി ശക്തിയും സംസാര ശേഷിയും ലഭ്യമായെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ശാരീരിക, മാനസിക വൈകല്യങ്ങൾ ബാധിച്ചവർക്ക് സംരക്ഷണം</u>

7524 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ശാരീരിക മാനസിക വൈകല്യങ്ങൾ ബാധിച്ചവരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയുട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വൈകല്യങ്ങൾ ബാധിച്ചവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും അവരുടെ അന്യാധീനപ്പെട്ട സ്വത്തുക്കൾ തിരിച്ചു പിടിക്കുന്നതിനും ഈ നിയമ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വിഭിന്നശേഷിയുള്ളവർക്ക് ലഭിക്കുന്ന സേവനങ്ങൾ</u>

7525 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്ന ശേഷിയുള്ളവർക്കായി എന്തെല്ലാം സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നത്;

(ബി) ഇത് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**14.07.2014–ലെ മറുപടിക്ക്**

<u>റീജിയണൽ സെന്റർ ഫോർ ഫിസിക്കലി</u>
<u>ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച്</u>

7526 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വികലാംഗ നിയമനം</u>

7527 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വികലാംഗ ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് സ്ഥിരപ്പെടുത്തിയവർ എത്രയാണ്;

(സി) പി.എസ്.സി വഴി നിയമനം നൽകിയ വികലാംഗ ജീവനക്കാർ എത്രയാണ്;

(ഡി) ഏതെല്ലാം വകുപ്പുകളിലാണ് ഇവർക്ക് നിയമനം നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സര്‍വ്വീസില്‍ അംഗപരിമിതരെ</u>
<u>സ്ഥിരപ്പെടുത്താന്‍ നടപടി</u>

7528 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റതുവരെ എത്ര അംഗപരിമിതര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ടെന്ന് അറിയാമോ; എങ്കില്‍ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവില്‍ കെ.എസ്.ആര്‍. 9എ(1) ചട്ടപ്രകാരം താത്ക്കാലികാടിസ്ഥാനത്തില്‍ എത്ര അംഗപരിമിതരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സര്‍ക്കാര്‍ സര്‍വ്വീസില്‍ അംഗപരിമിതരായ എത്ര പേര്‍ സേവനമനുഷ്ഠിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ; എങ്കില്‍ വെളിപ്പെടുത്താമോ;

(ഡി) അംഗപരിമിതരായ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്</u>

7529 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗർ ഉള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അർഹരായ മുഴുവൻ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകിയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വികലാംഗർക്ക് സർക്കാർ പ്രഖ്യാപിത ആനുകൂല്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സുപ്രീം കോടതി ഉത്തരവുപ്രകാരം സ്വീകരിച്ച നടപടി</u>

7530 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ നിയമനവും പ്രൊമോഷനുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9096/2013 ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 36012/24/2009 നമ്പർ ഓഫീസ് മെമ്മോറാണ്ടം ലഭിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) സാമൂഹ്യ നീതി വകുപ്പ് ഈ ഉത്തരവിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഫോർ ഡിസ്സെബിലിറ്റീസ് പദ്ധതി</u>

7531 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കേണ്ട എസ്.ഐ.ഡി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസ്സെബിലിറ്റീസ്) പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ പങ്കാളിത്തം ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ തസ്തിക

7532 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് നില വിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>അനധികൃത അനാഥാലയങ്ങൾക്കെതിരെയുള്ള നിയമ വ്യവസ്ഥകൾ</u>

7533 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രജിസ്റ്റർ ചെയ്യാതെയും നിയമവിധേയമല്ലാതെയും സംസ്ഥാനത്തു പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കെതിരെ നടപടി എടുക്കുവാൻ എന്തെല്ലാം നിയമവ്യവസ്ഥകളാണു നിലവിലുള്ളത് ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ബാലമന്ദിരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

7534 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലമന്ദിരങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ ആഫീസുകളിൽ നിന്നും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ അന്തേവാസികളുടെ വർദ്ധനവനുസരിച്ച് മെച്ചപ്പെടുത്തുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളള തുക എത്രയാണെന്ന് അറിയിക്കുമോ;

(ഡി) അന്തേവാസികളുടെ വർദ്ധനവനുസരിച്ച് സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷനുകളുടെ വരുമാനപരിധി</u>

7535 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷനുകളുടെ വരുമാനപരിധി 3 ലക്ഷമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ എന്നാണ് ഉത്തരവ് ഇറക്കിയത് എന്ന് വ്യക്തമാക്കുമോ:

(ബി) ഈ ഉത്തരവ് അനുസരിച്ച് എത്രപേർക്ക് പുതിയതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിച്ചുകൊണ്ട് വരുമാനപരിധി ഒരുലക്ഷമാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് ഇറക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പെൻഷൻ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

7536 ശ്രീ. കെ. കെ. നാരായണൻ
,, കെ. ദാസൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

**<u>സാമൂഹ്യക്ഷേമപെൻഷന്റെ വാർഷികവരുമാന പരിധി</u>**

7537 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമപെൻഷനുകൾ ലഭിക്കുന്നതിനുള്ള വാർഷികവരുമാനപരിധി എത്ര രൂപയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പരിധിയിൽ എന്തു മാറ്റം വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

നിർഭയ കേന്ദ്രങ്ങളിലെ സുരക്ഷാ പാളിച്ചകൾ

7538 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നിർഭയ കേന്ദ്രങ്ങളുണ്ട്; ഈ കേന്ദ്രങ്ങളിലെല്ലാം കൂടി എത്ര അന്തേവാസികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷാ പാളിച്ചകൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ</u>

7539 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15 ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ സിറ്റിങ്ങുകൾ</u>

7540 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരാതികൾ കേൾക്കാനും തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന വനിതാ കമ്മീഷൻ ജില്ലകളിൽ വനിതാ സിറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ ഓരോ ജില്ലയിലും എത്ര വനിതാ സിറ്റിങ്ങുകൾ വീതം സംഘടിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇവയിലോരോന്നിലും എത്ര പരാതികൾ ലഭിച്ചു ; എത്ര എണ്ണം തീർപ്പ് കൽപ്പിക്കാനായി ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സ്നേഹപൂർവ്വം പദ്ധതി - കുട്ടനാട്ടിൽ നിന്നുള്ള അപേക്ഷകൾ</u>

7541

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്നേഹപൂർവ്വം പദ്ധതിയിൽ കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഏതൊക്കെ പരിഗണിച്ചുവെന്നും ഏതൊക്കെ നിരസിച്ചുവെന്നും ആയതിനുള്ള കാരണം സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എം.എൽ.എ. മുഖാന്തിരമോ അപേക്ഷകർ നേരിട്ടോ ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്ന അവസ്ഥ ഒഴിവാക്കി സ്കൂളുകളിൽ നിന്നും അപേക്ഷ അയക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്കൂളുകളിൽ നിന്നും അയക്കുന്ന അപേക്ഷ സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസിൽ കിട്ടുന്നില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

'സ്നേഹസ്പർശം'

7542 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യനീതി വകുപ്പിൻ കീഴിൽ സോഷ്യൽ സെക്യുരിറ്റി മിഷനുമായി സഹകരിച്ച് ദുബായ് കെ.എം.സി.സി. നടത്തുന്ന 'സ്നേഹസ്പർശം' പരിപാടി വഴി എന്തെല്ലാം ആതുര സേവനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കേരള സർക്കാർ മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ;

(സി) ഇതിനായി സാമൂഹ്യനീതി വകുപ്പ് എത്ര തുക നീക്കിവച്ചിട്ടുണ്ട്; ദുബായ് കെ. എം.സി.സി. ചെലവാക്കാനുദ്ദേശിക്കുന്ന തുക എത്ര;

(ഡി) സംസ്ഥാനത്ത് ഇതിന് മുൻപ് ഇതുപോലുള്ള സന്നദ്ധ സംഘടനകൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ വകുപ്പ് തയ്യാറാക്കിയോ; എങ്കിൽ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ല എങ്കിൽ പ്രവർത്തനത്തിനായുള്ള രൂപരേഖ തയ്യാറാക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ്</u>

7543 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫിസറാണോ ഇപ്പോഴും തുടരുന്നത് ; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ ;

(സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുകവിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടി</u>

7544 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുറഞ്ഞത് 5 സെന്റ് ഭൂമി കൈവശമുള്ള അംഗൻവാടികളെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>അംഗന്‍വാടികളുടെ വികസനത്തിനായി അനുവദിച്ച തുക</u>

7545 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്ന എത്ര അംഗന്‍വാടികള്‍ ഉണ്ട് ; ജില്ലാടിസ്ഥാനത്തില്‍ വിശദാംശം ലഭ്യമാക്കാമോ ;

(ബി) അംഗന്‍വാടികളുടെ വികസനത്തിനായി 2012-13, 2013-14 വര്‍ഷങ്ങളില്‍ എത്ര തുക നീക്കിവച്ചു ; എത്ര ചെലവഴിച്ചു ; വിശദാംശം ലഭ്യാക്കാമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ മാതൃക അംഗൻവാടി</u>

7546 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത് ; അവയിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട് ; വ്യക്തമാക്കുമോ ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളെയാണ് മാതൃക അംഗൻവാടികളായി പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി - രണ്ടാംഘട്ടം</u>

7547 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) രണ്ടാംഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിഷ്ക്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോയെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

**<u>അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്</u>**

7548 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 14.07.2014–ലെ മറുപടിക്ക്

<u>മംഗല്യ ലോട്ടറി</u>

7549 ശ്രീ. പാലോട് രവി
,, വര്‍ക്കല കഹാര്‍
,, കെ. ശിവദാസന്‍ നായര്‍
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മംഗല്യ ലോട്ടറി നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ലോട്ടറി നടത്തിപ്പ് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഈ ലോട്ടറി നടത്തിപ്പ് പാവപ്പെട്ട പെണ്‍കുട്ടികളുടെ വിവാഹ സഹായത്തിന് എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ലോട്ടറി നടത്തിപ്പിനും ധനസഹായവിതരണത്തിനും ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം</u>

7550 ശ്രീ. വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

മാതൃകാ അംഗൻവാടി നിർമ്മാണ പദ്ധതി

7551 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃക അംഗൻവാടി നിർമ്മാണ പദ്ധതി പ്രകാരം ഒരു ബ്ലോക്കിൽ എത്ര അംഗൻവാടികൾക്കാണ് നിർമ്മാണനുമതി നൽകുന്നത്;

(ബി) സ്ഥലം ലഭ്യമാക്കിയാൽ ഓരോ വർഷവും മാതൃകാ അംഗൻവാടിയ്ക്ക് അനുമതി നൽകുമോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>കൊട്ടാരക്കര മണ്ഡലത്തിലെ അംഗൻവാടികൾക്ക്</u>
<u>കെട്ടിട നിർമ്മാണം</u>

7552 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിൽ ഉള്ള അംഗൻവാടികളുടെ എണ്ണം പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) അവയിൽ സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അംഗൻവാടികളുടെ വിവരവും സ്ഥലത്തിന്റെ വിസ്തീർണവും സർവ്വേ നമ്പരും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മണ്ഡലത്തിലെ എത്ര അംഗൻവാടികൾക്ക് സർക്കാർ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

കുട്ടനാട്ടിൽ സി. ഡി. എസ്. മുഖേന
അംഗൻവാടി കെട്ടിടങ്ങൾ

7553 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ച് സെന്റ് സ്ഥലം സ്വന്തമായുള്ള അംഗൻവാടികൾക്ക് കെട്ടിടം അനുവദിക്കുന്നതിനുവേണ്ടി സി. ഡി. എസ്. മുഖാന്തിരം കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റും അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത കുട്ടനാട്ടിലെ അംഗൻവാടികളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

**<u>ഐ. സി. ഡി.എസ്. സൂപ്പർവൈസർമാരുടെ യോഗ്യതാ മാനദണ്ഡം</u>**

7554 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. സി. ഡി. എസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാ മാനദണ്ഡവുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് ബിരുദം/ബി. എഡ് മുതലായ അധിക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കൂടി പരിഗണിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ യോഗ്യതാ മാനദണ്ഡത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

## കെയർടേക്കർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നടപടി

7555 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ തസ്തികയിലുള്ള ഒഴിവുകൾ എത്രയെന്ന് നിർണ്ണയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിനുള്ള തടസ്സം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂലൈ 05.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.